പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5900 | 25.5.2017 -ൽ മറുപടിയ്ക്ക്

## സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം

<table>
<tr><td colspan="3">ചോദ്യം<br>ശ്രീ. എം.രാജഗോപാലൻ:</td><td>മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി).</td></tr>
<tr><td>എ)</td><td>2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ, മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">വിനോദ സഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2016 വർഷത്തിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td>വർഷം</td><td>വിദേശ വിനോദ സഞ്ചാരികൾ</td><td>ആഭ്യന്തര വിനോദ സഞ്ചാരികൾ</td></tr>
<tr><td>2015</td><td>977479</td><td>12465571</td></tr>
<tr><td>2016</td><td>1038419</td><td>13172535</td></tr>
<tr><td>വർദ്ധനവ്</td><td>6.23%</td><td>5.67%</td></tr>
</table>
<br>2015-ൽ ആഭ്യന്തര ടൂറിസത്തിൽ നിന്നുള്ള വരുമാനം 13836.78 കോടി രൂപ ആയിരുന്നത് 2016-ൽ 15348.64 കോടി രൂപയായി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>പ്രസ്തുത കാലയളവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര ടൂറിസ്റ്റുകൾ സംസ്ഥാനത്ത് വന്നിട്ടുണ്ടെന്നും ഇവരിൽ നിന്നും സർക്കാരിന് എത്ര കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ